RCS/8930/2026-PandM(A1)

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി : 16.09.2026.

**സർക്കുലർ നമ്പർ 29/2026**

വിഷയം : സഹകരണ വകുപ്പ്- 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം സമയബന്ധിതമായി ചെലവഴിക്കുന്നത്- സംബന്ധിച്ച്.

പരാമർശം : ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.09.2026 ന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ വച്ച് ചേർന്ന യോഗ നിർദ്ദേശം.

2026-27 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി പ്രകാരം 11444.00 ലക്ഷം രൂപയും എൻ സി ഡി സി പദ്ധതി പ്രകാരം 3491.00ലക്ഷം രൂപയും ഉൾപ്പെടെ ആകെ 14935.00ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിനായി എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും അനുയോജ്യമായ പദ്ധതി പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

പദ്ധതികൾ അനായാസമായി നടപ്പിലാക്കുന്നതിനും സംഘങ്ങൾക്ക് പദ്ധതികളെ സംബന്ധിച്ച് വിശദമായി മനസിലാക്കുന്നതിനുമായി തയ്യാറാക്കിയ കൈപുസ്തകവും (Hand book) , സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും/നിയമങ്ങളും സഹകരണ വകുപ്പിന്റെ ഔദ്യോഗിക website ൽ ലഭ്യമാക്കിയിട്ടുണ്ട്.

ഔദ്യോഗിക വെബ് സൈറ്റ് : www.cooperation.kerala.gov.in

ലഭ്യമാകുന്ന വഴി :

Website ൽ downloads →Forms →Handbook/Rules

**ധനസഹായം ലഭ്യമാകുന്ന പ്രധാന പദ്ധതികൾ :**

**സംസ്ഥാന പദ്ധതി പ്രകാരമുള്ള ധനസഹായങ്ങൾ :**

1. കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
3. സംസ്കരണ സഹകരണ സംഘങ്ങൾക്ക്പ്രോൽസാഹനം.

4. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതിസ്റ്റോറുകൾക്കും സഹായം.
5. സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
6. ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
7. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
8. യുവജന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
9. സാഹിത്യ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
10. ടൂറിസം സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
11. മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
12. സഹകരണ വകുപ്പിന് കീഴിലുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് എല്ലാ സഹകരണ സംഘങ്ങളുടെയും ആധുനികവൽക്കരണം.
13. അപ്പക്സ് സ്ഥാപനങ്ങൾക്കുള്ള ആധുനികവൽക്കരണം.
14. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം.
15. വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
16. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭം.
17. സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.
18. കേരള പുനരുദ്ധാരണ ഫണ്ട് സ്കീമിലേക്കുള്ള സഹായം
19. സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള സഹായം.
20. ഗ്രാമീണ അടിസ്ഥാന സൗകര്യവികസന ഫണ്ട്(ആർ ഐ ഡി എഫ് ).
21. 100% ഊർജ്ജ സ്വയം പര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കുന്നതിനുള്ള സഹായം.
22. മാർക്കറ്റ്ഫെഡ്, അഫിലിയേറ്റഡ് സഹകരണ സംഘങ്ങൾ എഫ്.പി.ഒ ശൃംഖല എന്നിവയുടെ ശക്തിപ്പെടുത്തലിനുള്ള സഹായം.

**<u>എൻ. സി. ഡി. സി. പദ്ധതി പ്രകാരമുള്ള ധനസഹായം</u>**

1. കാർഷിക സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം.
2. മാർക്കറ്റിംഗ് സംഘങ്ങൾ/പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മറ്റ് സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായം.
3. വിപണന പ്രവർത്തനങ്ങൾ - പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സംഘങ്ങൾക്കുള്ള മാർജിൻ മണി/ദീർഘകാല വായ്പ - എൻ.സി.ഡി.സി. പദ്ധതി.

4. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ.
5. കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ, ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്കുള്ള ധനസഹായം.
6. എൻ.സി.ഡി.സി. യുടെ റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള ധനസഹായം.
7. എൻ.സി.ഡി.സി.പദ്ധതി -ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.
8. ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, പുതിയതും, പാരമ്പര്യേതരവും പുനരുപയോഗിക്കാൻ കഴിയുന്നതുമായ ഊർജ്ജസ്രോതസ്സുകളിൽ നിന്നുമുള്ള ഊർജ്ജഉത്പാദനവും വിതരണവും, ഗ്രാമീണ പദ്ധതികൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾക്കുള്ള ധനസഹായം.
9. ആശുപത്രി, ഹെൽത്ത്കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിലേർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള വായ്പ/ഓഹരി മൂലധന സഹായം.

**പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ട സമയക്രമം (Time Schedule)**

**A.** നിലവിൽ സമർപ്പിച്ച്, ന്യൂനത പരിഹരണത്തിനായി (Defect Rectification) നൽകിയിട്ടുള്ള പ്രൊപ്പോസലുകൾക്ക് :

| ക്രമനമ്പർ | നടപടിക്രമം | അവസാന തീയതി |
|---|---|---|
| 1 | താലൂക്ക് ഓഫീസുകളിൽ നിന്നും ജില്ലാഓഫീസുകളിലേക്ക് ലഭ്യമാക്കേണ്ടത് | 18.09.2026 |
| 2 | ജില്ലാ ഓഫീസുകളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ലഭ്യമാക്കേണ്ടത് | 23.09.2026 |
| 3 | സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നും പ്രൊപ്പോസലുകൾ അംഗീകരിക്കേണ്ടത് | 29.09.2026 |

B. പുതിയ പ്രൊപ്പോസലുകൾ (New Proposals) സമർപ്പിക്കുന്നതിന്:

| ക്രമനമ്പർ | നടപടിക്രമം | അവസാന തീയതി |
|---|---|---|
| 1 | സഹകരണ സംഘങ്ങൾ താലൂക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ) ഓഫീസുകളിൽ സമർപ്പിക്കേണ്ടത്. | 15.10.2026 |
| 2 | താലൂക്ക് ഓഫീസുകളിൽ നിന്നും ജില്ലാ(ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിലേക്ക് ലഭ്യമാക്കേണ്ടത്. | 20.10.2026 |
| 3 | ജില്ലാ ഓഫീസുകളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ലഭ്യമാക്കേണ്ടത്. | 25.10.2026 |
| 4 | സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നും പ്രൊപ്പോ സലുകൾ അംഗീകരിക്കേണ്ടത് | 31.10.2026 |

മേൽ പ്രസ്താവിച്ച സമയക്രമം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സഹകരണ സംഘങ്ങളും കർശനമായി പാലിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്ക് ശേഷം ലഭിക്കുന്ന പ്രൊപ്പോസലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ശ്രീ. ശ്രീകുമാർ എ.

സഹകരണ സംഘം രജിസ്ട്രാർ ഇൻ ചാർജ്ജ്

1) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
2) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും(ജോയിന്റ് രജിസ്ട്രാർ-ജനറൽ) മുഖേന.
3) എല്ലാ സഹകരണ സംഘം പ്രസിഡന്റ്/ചീഫ് എക്സിക്യൂട്ടീവ് മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ-ജനറൽ) മുഖേന.
4) വെബ് സൈറ്റ്.
5) സ്റ്റോക്ക് ഫയൽ.